# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 4270. 28/06/2012 - ലെ മറുപടിക്ക്

## 2010-ൽ അനുവദിച്ചിട്ടുള്ള +2 ബാച്ചിൽ നിയമിതരായ അധ്യാപകരുടെ തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ.ടി.ജലീൽ: | | ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2010-ൽ അനുവദിച്ചിട്ടുള്ള +2 ബാച്ചിൽ നിയമിതരായ അധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഇതേ കോഴ്സുകൾ അനുവദിച്ച സ്കൂളുകളിൽ അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര അനധ്യാപക തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനധ്യാപക തസ്തികകൾ സൃഷ്ടിക്കാത്തത് എന്ന് വിശദമാക്കാമോ; | (സി) | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റു മാരുടെ അധിക തസ്തികകൾ റീ അലോക്കേറ്റ് ചെയ്യാനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ ലാബ് അസിസ്റ്റന്റുമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ഇത്തരം അനധ്യാപക തസ്തികകൾ ആവശ്യമായിടത്ത് ഇപ്പോൾ എങ്ങനെയാണ് ലാബ് അസിസ്റ്റന്റുമാരുടെ സേവനം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | താത്ക്കാലിക അടിസ്ഥാനത്തിൽ ലാബ് അസിസ്റ്റന്റുമാരെ നിയമിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ഇ) | പ്രസ്തുത സ്കൂളിലെ അനധ്യാപക തസ്തികകൾ എന്നത്തേക്ക് സൃഷ്ടിച്ച് ഉത്തരവിറക്കാനാവുമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | (ഇ) | (സി) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

(..2)

| | | | |
|---|---|---|---|
| (എഫ്) | ഇതിലേക്കായി എത്ര തസ്തികകൾ സൃഷ്ടിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (എഫ്) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - 2010-11 അദ്ധ്യന വർഷം മുതൽ പുതുതായി ആരംഭിച്ച ഗവ. ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്.**

സ.ഉ (എം.എസ്) നം. 168/11/പൊ.വി.വ. **തീയതി. തിരുവനന്തപുരം,** 06 .08.2011

---

പരാമർശം :
1. സ.ഉ (എം.എസ്) നം 128/10/പൊ.വി.വ. തീയതി. 20/07/2010.
2. സ.ഉ (എം.എസ്) നം. 146/10/പൊ.വി.വ. തീയതി. 31/07/2010.
3. സ.ഉ (സാ.ധ) നം. 317/10/പൊ.വി.വ. തീയതി. 24/01/2011.
4. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 24/02/2011, 05/03/2011, 28/07/2011 തീയതികളിലെ എ.സി.ഡി. ബി5/47005/2010/ ഹ.സെ.വി. നമ്പർ കത്തുകൾ

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെയും മലബാർ മേഖലയിലെയും തെരഞ്ഞെടുക്കപ്പെട്ട 178 സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിൽ 2010-11 അക്കാഡമിക് വർഷത്തിൽ സർക്കാർ നിശ്ചയിച്ചപ്രകാരം ഈരണ്ട് ബാച്ചുകൾ വീതമുള്ള ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അങ്ങനെ അനുവദിക്കപ്പെട്ട ഹയർ സെക്കന്ററി കോഴ്സുകളിൽ അദ്ധ്യാപകതസ്തിക സൃഷ്ടിക്കുന്നതുവരെ പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്ന മുറയ്ക്ക് താൽകാലികമായി ഗസ്റ്റ് ലക്ച്ചറർമാരെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കാൻ അനുമതിയും നൽകിയിരുന്നു.

2. പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളി പഞ്ചായത്തിലെ പി.ജി.പി ഹൈസ്കൂളിൽ 2010-11 അധ്യയന വർഷം മുതൽ ഒന്നു മുതൽ പത്തുവരെ കോഡുകളിൽ (1 - ഫിസിക്സ്, കെമിസ്ട്രി, ബയോളജി, കണക്ക്, 10- ഹിസ്റ്ററി, എക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജ്യോഗ്രഫി) രണ്ട് ഹയർ സെക്കന്ററി ബാച്ചുകൾ വീതം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മേപ്പടി ഉത്തരവിലും ,അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വരെയുള്ള ഗസ്റ്റ് ലക്ച്ചറർ

നിയമനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനക. അനുസൃതമായിരിക്കുമെന്ന് സ്പഷ്ടമാക്കുകയുണ്ടായി.

3. പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം പരാമർശം (1) ഉം (2) ഉം സർക്കാർ ഉത്തരവുകളിൽ ഉൾപ്പെട്ടിരുന്ന 13 സ്കൂളുകളിലെ കുട്ടികളുടെ എണ്ണം മിനിമം 25 വേണമെന്ന വ്യവസ്ഥയിൽ ഇളവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതോടൊപ്പം തന്നെ പാലക്കാട് ജില്ലയിലെ മഞ്ഞപ്ര പി.കെ. ഹയർ സെക്കന്ററി സ്കൂളിൽ ഒരുകുട്ടി മാത്രം 2010-11 അക്കാഡമിക വർഷം ചേർന്ന സാഹചര്യത്തിൽ അവിടെ പ്ലസ് വൺ ബാച്ച് അനുവദിക്കേണ്ടതില്ലയെന്നും ഉത്തരവുണ്ടായി.

4. മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ പരാമർശം (4) ലെ 24/02/2011 തീയതി കത്ത് പ്രകാരം സർക്കാർ മേഖലയിൽ അനുവദിച്ച ഹയർ സെക്കന്ററി ബാച്ചുകൾക്ക് 175 ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികകളും 22 ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികകളും 27 പ്രിൻസിപ്പൽ തസ്തികകളും അനുവദിച്ച് ഉത്തരവാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഹയർ സെക്കന്ററി ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പരാമർശം (4) ലെ 05/03/2011 തീയതി കത്ത് പ്രകാരം ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ന്റെ 239 തസ്തികകളും (175+64) ഹയർ സെക്കന്ററി ടീച്ചറിന്റെ 23 തസ്തികകളും (22+1 അപ്ഗ്രഡേഷൻ) അടങ്ങുന്ന പുതുക്കിയ പ്രൊപ്പോസൽ ഹയർ സെക്കന്ററി ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി.

5. ഹയർ സെക്കന്ററി ഡയറക്ടറുടെ മേൽ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ തൃശ്ശൂർ ജില്ലയിലും മലബാർ മേഖലയിലെ 6 ജില്ലകളിലും ആരംഭിച്ച സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) ന്റെ 239 (ഇരുനൂറ്റി മുപ്പത്തിയൊൻപത്) തസ്തികകളും ഹയർ സെക്കന്ററി സ്കൂൾ ടീച്ചറുടെ, 23 ( ഇരുപത്തി മൂന്ന്) തസ്തികകളും ഉടൻ പ്രാബല്യത്തിൽ സൃഷ്ടിച്ച് ഉത്തരവാകുന്നു.

6. മേൽ പരാമർശിച്ച തസ്തികകളുടെ എണ്ണം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സ്വയം പരിശോധിച്ച് ബോധ്യപ്പെടേണ്ടതും 2001 ലെ ഹയർ സെക്കന്ററി

സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികകളുടെ എണ്ണം കണക്കാക്കി അർഹതപ്പെട്ട തസ്തികകൾ നേരിട്ടുള്ള നിയമനത്തിനായി കേരള പബ്ലിക് കമ്മീഷന് അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

7. 2010-11 വർഷത്തിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ നിയമിക്കപ്പെട്ട ഗസ്റ്റ് ലക്ച്ചറർമാർക്ക് നിലവിലുള്ള നിരക്കിൽ ദിവസവേതനം അവർ ജോലിയിൽ പ്രവേശിച്ച തിയതിമുതൽ (2010-11 അദ്ധ്യയന വർഷം) അനുവദിച്ചുകൊണ്ടും ഇതോടൊപ്പം ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശിവശങ്കർ.**
**സെക്രട്ടറി**

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ.വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ.പൊതു വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ.എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം.
ഡയറക്ടർ.സീമാറ്റ്. തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ. (ആഡിറ്റ്) (എ&ഇ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം. (എറണാകുളം.
കോഴിക്കോട്, തിരുവനന്തപുരം).
പൊതുഭരണ (എസ്.സി) വകുപ്പ്. (ഐറ്റം നം.226)
ധനകാര്യ വകുപ്പ് (vide U.O Note no. 61036/Edn.B1/11/Fin.dated 05/08/2011)
ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ (ടി) വകുപ്പ്.
പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ*

4270

9

12,

D
28 OCT 2011
38598

SD Ac

**കേരള സർക്കാർ**

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി വിദ്യാഭ്യാസം - എയ്ഡഡ് - 2010-11 അദ്ധ്യയന വർഷം മുതൽ പുതുതായി ആരംഭിച്ച എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ(കയ്യെഴുത്ത്) നം. 211/2011/പൊ.വി.വ. തീയതി, തിരുവനന്തപുരം, 24.10.2011

---

പരാമർശം 1. സ.ഉ.(കയ്യെഴുത്ത്) നമ്പർ. 128/2010/പൊ.വി.വ. തീയതി 20.07.2010
2. സ.ഉ.(കയ്യെഴുത്ത്) നമ്പർ. 146/10/പൊ വി.വ തീയതി 31.7.2010
3. സ.ഉ.(കയ്യെഴുത്ത്) നമ്പർ. 168/2011 പൊ.വി.വ തീയതി 6.08.2010
4. ഹയർസെക്കന്ററി ഡയറക്ടറുടെ 24.02.2011-ാം തീയതിയിലെ എ.സി.ഡി.ബി 5/47005/10/എച്ച്.എസ്.ഇ. നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് തൃശ്ശൂർ ജില്ലയിലും മലബാർ മേഖലയിലെ 6 ജില്ലകളിലും 2010-11 അക്കാദമിക് വർഷം മുതൽ സർക്കാർ/എയിഡഡ് മേഖലയിൽ പുതിയ ഹയർസെക്കന്ററി സ്കൂളുകൾ ആരംഭിക്കുകയുണ്ടായി. പുതുതായി കോഴ്സുകൾ അനുവദിച്ച സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതു വരെ പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്ന മുറയ്ക്ക് താൽക്കാലികമായി ഗസ്റ്റ് ലക്ചറർമാരെ നിയമിച്ച് ക്ലാസുകൾ നടത്തുന്നതിന് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം സർക്കാർഹയർസെക്കന്ററി സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിച്ചുത്തരവായിട്ടുണ്ട്.

2) പരാമർശം (1) ലും (2) ലും പ്രകാരം പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ച് സംസ്ഥാനത്ത് 146 എയിഡഡ് സ്കൂളുകളിൽ ഈ വർഷം തന്നെ കോഴ്സുകളും ബാച്ചുകളും ആരംഭിച്ചിട്ടുള്ളതിനാൽ താഴെ പറയും പ്രകാരം പ്രിൻസിപ്പാൾ/അദ്ധ്യാപക തസ്തികകൾ അനുവദിക്കാൻ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

| തസ്തിക | എണ്ണം(2010-11) |
|---|---|
| എച്ച്.എസ്.എസ്.ടി (ജൂനിയർ) | 1510 |
| എച്ച്.എസ്.എസ്.ടി | 110 |
| പ്രിൻസിപ്പാൾ | 146 |

3) ഹയർസെക്കന്ററി ഡയറക്ടറുടെ മേൽ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം

സമർപ്പിച്ചിട്ടുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിൽ ആരംഭിച്ച എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) യുടെ 1510 തസ്തികകളും എച്ച്.എസ്.എസ്.റ്റി (110) യുടെ തസ്തികകളും പ്രിൻസിപ്പാളിന്റെ 146 തസ്തികകളും 6.8.2011 മുതൽ മുൻകാല പ്രാബല്യത്തിൽ സൃഷ്ടിച്ച് ഉത്തരവാകുന്നു.

(4) മേൽ പരാമർശിച്ച തസ്തികകളുടെ എണ്ണം ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സ്വയം പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും 2011 ലെ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം തസ്തികകളുടെ എണ്ണം കണക്കാക്കി നിയമനം നടത്താൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എം.ശിവശങ്കർ**
സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
ഡയറക്ടർ, പൊതുവിദ്യാഭ്യാസം, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ & ഇ) കേരള, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്)
പൊതുഭരണ (എസ്.സി) വകുപ്പ് (ഐറ്റം നമ്പർ 631)
ധനകാര്യ വകുപ്പ് (13.10.2011 ലെ 65998/എഡ്യു.ബി1/2011/ധ.വ.നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (യു) വകുപ്പ്
പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- 1) വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2) പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ